## നൈതികം

പഠനോത്സവത്തിന്റെ ഭാഗമായി 7 എ  ക്ലാസിലെ കുട്ടികൾ ഇന്ത്യൻ ഭരണഘടനയും ഒപ്പം സ്കൂൾ ഭരണഘടനയും സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ സ്വായത്തമാക്കുക എന്ന അധ്യാപക ചലഞ്ചിന്റെ കൂടെ ഭാഗമായി പങ്കെടുത്ത എല്ലാ കുട്ടികളും ഇന്ത്യൻ ഭരണഘടനയെക്കുറിച്ചും സ്കൂൾ ഭരണഘടനയെക്കുറിച്ചും എല്ലാ സന്ദര്ശകരോടും സംസാരിച്ചു .സന്ദർശകരുടെ പല ചോദ്യങ്ങൾക്കും അവർ ഉത്തരങ്ങൾ പറഞ്ഞു.






## വായനക്കാർ

7 ബി ക്ലാസിലെ മുഴുവൻ കുട്ടികളും കുറഞ്ഞത് 4 പുസ്തകമെങ്കിലും വായിക്കുകയും വായനക്കുറിപ്പ് എഴുതുകയും ചെയ്യും എന്ന ടീച്ചേഴ്സ് ചലഞ്ചിന്റെ ഭാഗമായി കുട്ടികൾ തങ്ങൾ വായിച്ചാ പുസ്തകത്തെക്കുറിച്ചു പറയുകയും കാണികളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ശ്രമിക്കുകയും ചെയ്തു .തുടർന്ന് പ്രദർശനം കാണാൻ എത്തിയവർ ചോദ്യങ്ങളുടെ ലോട്ട് എടുക്കുകയും ഉത്തരം പറയുന്നവർക്ക് സമ്മാനം നൽകുകയും ചെയ്തു.






## മാതൃവെട്ടം

അധ്യാപക ചലഞ്ചിന്റെ ഭാഗമായി മാതൃവെട്ടം ഗ്രൂപ്പിലെ അംഗങ്ങൾ അവർ വായിച്ചിട്ടുള്ള 3 പുസ്തകങ്ങളെക്കുറിച്ച് വായനക്കുറിപ്പ് തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും സന്ദർശകർക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു . അമ്മമാരുടെ മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു.







## EC TIP

4B ക്ലാസിലെ കുട്ടികൾക്ക് 50 ENGLISH COMMUNICATION TIPS നൽകി .അത് ർക്കും എല്ലാവർക്കും അറിയാം എന്നുറപ്പിച്ചു .രണ്ട് കോർണർ ആണ് ഉണ്ടായിരുന്നത് .Pick and ask എന്ന കോർണറിൽ രക്ഷിതാക്കൾ ഒരു സ്ലിപ് എടുത്തു വായിക്കുകയും കുട്ടികൾ അതിന്റെ ഇംഗ്ലീഷ് വേർഷൻ പറയുകയും ചെയ്തു.Can you guess?എന്ന കോർണറിൽ രക്ഷിതാക്കളോട് കുട്ടികൾ ചോദ്യം ചോദിക്കുകയും ശരി ഉത്തരം പറഞ്ഞവരെ അഭിനന്ദിക്കുകയും ചെയ്തു .






**ലഹർ**

6 എ ക്ലാസിലെ കുട്ടികൾ അധ്യാപക ചലഞ്ചിന്റെ ഭാഗമായി 100 ഹിന്ദി വാക്കുകൾ സ്വായത്തമാക്കുകയും പഠനോത്സവത്തിൽ  എല്ലാ കുട്ടികളും സന്ദർശകരോട് ക്ലാസിൽ പ്രദർശിപ്പിച്ച വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പറഞ്ഞു കൊടുക്കുകയും ചെയ്തു. സന്ദർശകരുടെ ചോദ്യങ്ങൾക്കും അവർ കൃത്യമായി ഉത്തരം നൽകി .







ഇത്തരത്തിൽ മികവുത്സവത്തിൽ ടീച്ചേഴ്സ്  ചലഞ്ചിന്റെ ഭാഗമായി 23  കോർണറുകളിൽ ആയി പ്രദർശനം ഒരുക്കുകയും അത് സാമൂഹിക പരിശോധനക്ക് വിധേയമാക്കുകയും ചെയ്തു .